കുടിവെള്ളത്തിന്റെ ഗുണനിലവാരം

80 [2690] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലവിഭവ വകുപ്പ് വിതരണം ചെയ്യുന്ന ശുദ്ധ ജലത്തിന്റെ ഗുണപരിശോധനയ്ക്ക് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് പകർച്ചവ്യാധികൾ വർദ്ധിക്കുന്നതിൽ നല്ലൊരു പങ്കും ജലജന്യരോഗങ്ങളാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് ശ ,തായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉൽപാദനത്തിന്റെയും വിതരണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ സാമ്പിളുകൾ എല്ലാ ജലവിതരണ പദ്ധതികളിൽനിന്നും നിശ്ചിത ഇടവേളകളിൽ ശേഖരിക്കുകയും അവയെ ഭൗതികം, രാസികം, ജൈവികം എന്നീ മൂന്നു തരത്തിലുള്ള പരിശോധനകൾക്ക് വിധേയമാക്കുകയും ചെയ്യുന്നു. നിലവാരം കുറഞ്ഞ ശുദ്ധജല പദ്ധതികളിൽ, ജലത്തിന്റെ ഗുണനിലവാര ക്രമീകരണത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ കാളിറ്റി കൺട്രോൾ ലാബുകളിൽനിന്നും O & M വിഭാഗത്തിൽ അറിയിക്കുകയും, വേണ്ട നടപടികൾ O & M വിഭാഗത്തിൽ നിന്ന് സ്വീകരിക്കുകയും ചെയ്തു വരുന്നു. ജലശുദ്ധീകരണ പ്രക്രിയയുടെ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിനായി ശുദ്ധീകരണത്തിനായി ഉപയോഗിക്കുന്ന രാസപദാർത്ഥങ്ങളായ ആലം, കുമ്മായം, ബ്ലീച്ചിംഗ് പൗഡർ മുതലായവയുടെ ഗുണനിലവാരം കാളിറ്റി കൺട്രോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ യഥാവിധം നൽകുകയും ചെയ്യുന്നു.

(ബി) ഉണ്ട്. എന്നാൽ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ നിന്നാണ് പകർച്ചവ്യാധികൾ വർദ്ധിക്കുന്നതെന്ന് തെളിഞ്ഞിട്ടില്ല.

(സി) ഗുണനിലവാരം ഉറപ്പു വരുത്തിയതിനു ശേഷമാണ്, കുടിവെള്ളം പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നത്.

കുഴൽ കിണർ നിർമ്മിക്കുന്നതിനുള്ള ഡ്രില്ലിംഗ് റിഗ്ഗുകൾ

81 [2691] ശ്രീ. ഷിബു ബേബി ജോൺ:
,, ജോണി നെല്ലൂർ:
,, ടി. എം. ജേക്കബ്:
,, കെ. ബാലകൃഷ്ണപിള്ള:
,, കെ. ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനായി പുതുതായി ആധുനിക ഡ്രില്ലിംഗ് റിഗ്ഗുകൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റിഗ്ഗുകൾ ഏതെല്ലാം ജില്ലകളിലാണ് വിതരണം ചെയ്തത്;

(സി) പ്രസ്തുത റിഗ്ഗുകൾ ഏത് കമ്പനിയിൽനിന്നാണ് വാങ്ങിയത്;

(ഡി) ഇതിനായി ടെണ്ടർ നൽകിയ കമ്പനികൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(ഇ) റിഗ്ഗുകൾ എത്രയെണ്ണം ഇപ്പോൾ ശരിയായി പ്രവർത്തിക്കുന്നു;

(എഫ്) ഏതെങ്കിലും റിഗ്ഗുകൾക്ക് കേടുപാടുകൾ സംഭവിക്കുകയോ റിപ്പയർ ആകുകയോ ചെയ്തിട്ടുണ്ടോ;

(ജി) ഉന്നത ഗുണനിലവാരമില്ലാത്ത മെഷിനുകൾ വാങ്ങിയതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ സർക്കാരിന് കനത്ത നഷ്ടം വരുത്തിവച്ച ഈ ഇടപാടിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 10 റിഗ്ഗുകൾ. ചെയ്സിസിന് 12-1-1999-ലും കംപ്രസ്സർ, റിഗ്ഗ് മോഡ്യൂൾ എന്നിവയ്ക്ക് 27-4-2004 തീയതിയിലുമാണ് ഓർഡർ നൽകിയത്. ഇവ വാങ്ങി വിതരണം ചെയ്തത് യഥാക്രമം 24-3-1999-ലും, 20-8-2004 & 15.9.2004, 26-10-2004 & 23-11-2004 തീയതികളിലാണ്.

(ബി) കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിലാണ് വിതരണം ചെയ്തത്.

(സി) കെ. എൽ. ആർ. ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഹൈദരാബാദ് എന്ന കമ്പനിയിൽ നിന്നാണ് വാങ്ങിയത്.

(ഡി) 1. ചൈതന്യ ഇൻഡസ്ട്രീസ്, ഹൈദരാബാദ്.
2. എൻ. ജെ. സി. ആർ. ഡ്രില്ലിംഗ് എക്യൂപ്പ്മെന്റ്സ്, ബാംഗ്ലൂർ.
3. ശ്രീ. ആൻറവാർ വർക്ക്ഷോപ്പ്, തമിഴ്നാട്.
4. ഗോമതി ഇൻഡസ്ട്രീസ് ലിമി., തമിഴ്നാട്.
5. കെ. എൽ. ആർ. ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഹൈദരാബാദ്.

(ഇ) എല്ലാ റിഗ്ഗുകളും ഇപ്പോൾ ശരിയായി പ്രവർത്തിക്കുന്നുണ്ട്.

(എഫ്) കൊല്ലം ജില്ലയിൽ അനുവദിച്ച റിഗ്ഗിന് ചെറിയ റിപ്പയർ ഉണ്ടായത് കമ്പനിയുടെ ഉത്തരവാദിത്വത്തിൽ നന്നാക്കിയിട്ടുണ്ട്.

(ജി, എച്ച്) ഭൂജല വകുപ്പ് തയ്യാറാക്കിയ സ്പെസിഫിക്കേഷൻ അനുസരിച്ച്, ഉന്നത നിലവാരമുള്ള കമ്പനിയിൽ നിന്നാണ് റിഗ്ഗുകൾ വിതരണം ചെയ്തിട്ടുള്ളത്. ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും വീഴ്ചകളൊന്നും ഉണ്ടായിട്ടില്ലാത്തതിനാൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly